LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലായ് 19, തിങ്കൾ

നിയമസഭ 2010 ജൂലൈ മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 421

വൈദ്യുതി നിയന്ത്രണം

1 (*421) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായ സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ജലസംഭരണികളിലെ ജലത്തിന്റെ അളവ് മുൻവർഷങ്ങളെ അപേക്ഷിച്ച് നിലവിൽ എത്ര വീതമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്നറിയിക്കുമോ ;

(സി) ഇപ്പോൾ ശരാശരി വൈദ്യുതി ഉത്പാദനം എത്രയാണ്; വൈദ്യുതി നിയന്ത്രണമുണ്ടായിരുന്ന കാലയളവിനെ അപേക്ഷിച്ച് ഇത് എത്ര യൂണിറ്റ് കൂടുതലാണ്; നിലവിൽ എത്ര യൂണിറ്റ് താപവൈദ്യുതിയാണ് പ്രതിദിനം സംസ്ഥാനം ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

1212/13

പിന്നോക്കപട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) സംസ്ഥാനത്ത് ഈ വർഷം പ്രതീക്ഷിക്കുന്ന മഴ ലഭിക്കുകയും അർഹമായ കേന്ദ്രവിഹിതം പൂർണ്ണതോതിൽ ലഭിക്കുകയും ചെയ്താൽ നിലവിലുള്ള കണക്കനുസരിച്ച് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായ സാഹചര്യം നിലവിലില്ല.

(ബി) വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിൽ 16-7-2010-ലെ കണക്കുപ്രകാരം 30.86 ശതമാനം വെള്ളമാണുള്ളത്. കഴിഞ്ഞ വർഷം ഇതേ സമയത്ത് 39.8% വെള്ളമാണ് സംഭരണികളിൽ ഉണ്ടായിരുന്നത്. ഈ വെള്ളം ഉപയോഗിച്ച് 1278 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പാക്കാനാകും. കഴിഞ്ഞ വർഷം ഇതേസമയം 1647 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ലഭ്യമായിരുന്നു. മുൻവർഷങ്ങളിലെ സംഭരണം ഉത്പാദിപ്പിക്കാനാകുന്ന വൈദ്യുതിയുടെ കണക്കിൽ,

16-7-2006 — 1709 മില്യൺ യൂണിറ്റ്

16-7-2007 — 2270 മില്യൺ യൂണിറ്റ്

16-7-2008 — 820 മില്യൺ യൂണിറ്റ്

16-7-2009 — 1647 മില്യൺ യൂണിറ്റ്

16-7-2010 — 1278 മില്യൺ യൂണിറ്റ് എന്നിങ്ങനെയാണ്.

(സി) ഈ വർഷം കടുത്ത വേനൽ ചൂടിൽ ചില ദിവസങ്ങളിൽ കേരളത്തിൽ 58 മില്യൺ യൂണിറ്റുവരെ ഉപഭോഗം വന്നിട്ടുണ്ട്. ഈ വർഷം ജൂലൈ 1 മുതൽ 16 വരെയുള്ള പ്രതിദിന ശരാശരി ഉപഭോഗം 44.65 മില്യൺ യൂണിറ്റാണ്. കടുത്ത മഴക്കുറവിനെത്തുടർന്ന് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്ന 2008-ൽ ഇതേ കാലയളവിൽ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 40.09 മില്യൺ യൂണിറ്റായിരുന്നു. അതായത് മൊത്തത്തിൽ പ്രതിദിനം ശരാശരി 4.56 മില്യൺ യൂണിറ്റ് ഉപഭോഗം വർദ്ധിച്ചു.

കേരളത്തിലെ ജലവൈദ്യുതി നിലയങ്ങളിൽ നിന്നും താപവൈദ്യുതി നിലയങ്ങളിൽ നിന്നുമായി 2008 ജൂലൈ മാസത്തിൽ പ്രതിദിനം ശരാശരി 20.17 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 22.38 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കേണ്ടി വരുന്നുണ്ട്. അതായത് 2.21 മില്യൺ യൂണിറ്റ് വൈദ്യുതിയാണ് നിയന്ത്രണങ്ങളുണ്ടായിരുന്ന 2008-നേക്കാൾ കൂടുതലായി ഇപ്പോൾ ഉത്പാദിപ്പിക്കുന്നത്.

ഈ വർഷം ജൂലൈ ഒന്നുമുതൽ 16 വരെയുള്ള ദിവസങ്ങളിൽ കേരളത്തിലെ താപനിലയങ്ങളിൽനിന്ന് പ്രതിദിനം ശരാശരി 2.55 മില്യൺ യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നു. കൂടാതെ കേന്ദ്ര താപനിലയങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പ്രതിദിനം ശരാശരി 18.25 മില്യൺ യൂണിറ്റ് വൈദ്യുതിയും മറ്റ് സ്രോതസ്സുകളിൽനിന്നും വാങ്ങുന്ന 4.02 മില്യൺ യൂണിറ്റ് വൈദ്യുതിയും ഉപയോഗിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഈ ഉത്തരമനുസരിച്ച് ദൈവംതമ്പുരാനും കേന്ദ്ര താപവൈദ്യുത നിലയവും ഒക്കെ സഹായിക്കുന്നതുകൊണ്ട് ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവ് ... ഞാൻ പറഞ്ഞത് മഴ കിട്ടുന്നത് ദൈവം തമ്പുരാന്റെ ഒരു അനുഗ്രഹമാണെന്ന് പറഞ്ഞെന്നേയുള്ളു. പ്രകൃതിയുടെ അനുഗ്രഹം. അത് ദൈവമാണെന്ന് ഞാൻ കണ്ടു. ഞാനൊരു ദൈവ വിശ്വാസിയാണ്.... ഇത്രയും വൈദ്യുതി ഉത്പാദിപ്പിക്കുന്ന സാഹചര്യത്തിൽ ഇനിയൊരു പവർ കട്ടിന് സാധ്യതയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിരിക്കുകയാണ്. ഇപ്പോൾ റഗുലേറ്ററി കമ്മീഷനുമുൻപിൽ ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. റഗുലേറ്ററി കമ്മീഷൻ അത് തടഞ്ഞിരിക്കുകയാണ്. റഗുലേറ്ററി കമ്മീഷൻ തടഞ്ഞതിന്റെ പേരിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുമായി ബന്ധപ്പെട്ട യൂണിയൻ നിയമപരമായി സ്ഥാപിക്കപ്പെട്ട റഗുലേറ്ററി കമ്മീഷന് എതിരെ നടത്തുന്ന പ്രചരണങ്ങൾ അസ്ഥാനത്താണെന്നും ഇത് മര്യാദയല്ലെന്നും ആ യൂണിയനെ ബോധ്യപ്പെടുത്താനും അതോടൊപ്പം ഈ വൻകിടക്കാരിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കാനും തയ്യാറാകുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട ഒരു സ്പെസിഫിക് ചോദ്യത്തിന് സ്പെസിഫിക്കായിട്ടുള്ള ഉത്തരമാണ് ഞാൻ ഈ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ ഡിമാൻഡിന്റെ ഭാഗമായി ഇവിടെ പറഞ്ഞ കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിനെക്കാൾ മുന്നൂറ്റി ചില്വാനം കോടി രൂപയുടെ അധിക വരുമാനം കുടിശ്ശിക പിരിച്ചെയിനത്തിൽ ഞങ്ങളുണ്ടാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് കോടതിയിൽ കിടക്കുന്ന കേസ്സാണ്. ഞങ്ങൾ വിചാരിച്ചുകഴിഞ്ഞാൽ അത് മാറ്റാൻ പറ്റുന്നതല്ല. 1992-ലെ ഹരീ താരിഫുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് സുപ്രീംകോടതിയിലാണ്. അത് ഞങ്ങൾക്ക് പിരിച്ചെടുക്കാൻ കഴിയുന്നതല്ല. നിങ്ങൾ വന്നാലും പിരിച്ചെടുക്കാൻ കഴിയില്ല. പക്ഷേ സ്വകാര്യ വ്യക്തികളിൽനിന്നും നിങ്ങൾ പിരിച്ചെടുത്തതിനേക്കാൾ മുന്നൂറ്റിചില്വാനം കോടി രൂപ കൂടുതൽ ഞങ്ങൾ പിരിച്ചെടുത്തിട്ടുണ്ട്. അത് ചോദ്യത്തിന്റെ ഭാഗമായി വരുന്നതല്ല. പക്ഷേ വളരെ പ്രസക്തമായിരുന്നു ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം, പക്ഷേ അതുമായി ബന്ധപ്പെട്ട സപ്ലിമെന്ററി വന്നില്ല.

ശ്രീ. പി. സി. ജോർജ് : സർ, അങ്ങ് ഉത്തരം പറയുമ്പോൾ കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും കമ്പയർ ചെയ്ത് പറഞ്ഞതിനെ ഞാൻ അനുകൂലിക്കുന്നു. എന്റെ ചോദ്യം, സർ, അങ്ങയുടെ വീട്ടിൽ ഒരു ദിവസം ഇലക്ട്രിസിറ്റി ചാർജ് അടച്ചില്ലെങ്കിൽ പിറ്റേദിവസം ഫ്യൂസ് ഊരാൻ ആളുണ്ട്. ഇത് സ്പെസിഫിക് കസ്റ്റ്യനാണ്. 609 പേരിൽ നിന്നാണ് 550 കോടിയോളം രൂപ കുടിശ്ശിക കിട്ടാനുള്ളത്. അത് കഴിഞ്ഞവർഷത്തേക്കാൾ കൂടുതൽ പിരിച്ചെടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ ? 1900 കോടി രൂപ ഇലക്ട്രിസിറ്റി ചാർജ് ..... എന്നിട്ട് വീണ്ടും ഇലക്ട്രിസിറ്റി ചാർജ് കൂട്ടാൻ പോകുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ബഹുമാനപ്പെട്ട കോടതിയുടെ മുൻപിലുള്ള കേസ്സുകളിൽ ഉത്തരവാദിത്തപ്പെട്ട വക്കീലൻമാരെ വച്ചു കേസ് നടത്തി ആ പണം ഈടാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്. ശക്തരായ വക്കീലൻമാരെയാണ് വച്ചത്. അതിന്റെ ഭാഗമായിട്ടാണ് മുന്നൂറ്റി ചില്വാനം കോടി രൂപ അധികം ഞങ്ങൾ പിരിച്ചെടുത്തത്. ബാക്കി ഇപ്പോൾ സുപ്രീകോടതിയിലും ഹൈക്കോടതിയിലും കിടക്കുന്ന കേസ്സാണ്. ഞങ്ങൾ ഏതെങ്കിലും കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് ശക്തമായ നിലപാട് എടുക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചാൽ ശക്തമായ നിലപാട് എടുക്കും. ഏതെങ്കിലും ഒന്ന് ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിൽ യാതൊരു പ്രശ്നവുമില്ല. ഒരു അമാന്തവും കാട്ടില്ല. പിന്നെ ഒരു പ്രശ്നം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കുടിശ്ശികയുണ്ട്. അതിന്റെ ഫ്യൂസ് ഊരുക എന്നുപറഞ്ഞാൽ ബുദ്ധിമുട്ടാണ്. അപ്പോൾ നിങ്ങൾതന്നെ പറയും ഇതാ വെള്ളം പോയിരിക്കുന്നു. കൃഷിക്കാരുടെ പ്രശ്നമുണ്ട്. ആശുപത്രി അടച്ചു പൂട്ടുന്നു. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങൾ നമുക്ക് പൂട്ടാൻ പറ്റുമോ, ഇത്തരത്തിലുള്ള ഒരു ലീനിയൻസി ഗവൺമെന്റ് കാട്ടുന്നുണ്ട് എന്നത് സത്യമാണ്. ബാക്കിയുള്ളതൊക്കെ കേസിൽ കിടക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടാകില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. അതിന് നമ്മുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്. നമ്മുടെ ജലവൈദ്യുത നിലയങ്ങളിൽ എല്ലാം പൂർണ്ണമായും ഉത്പാദനം നടക്കുന്നുണ്ടോ, അവയെല്ലാം ഉത്പാദനക്ഷമമാണോ, അതോ എന്തെങ്കിലും മെയ്ന്റനൻസ് നടത്തുന്ന സാഹചര്യം നിലവിലുണ്ടോ, ഉണ്ടെങ്കിൽ പരമാവധി ഉത്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും അതോടൊപ്പംതന്നെ ജലവൈദ്യുത നിലയങ്ങളുടെ ജലസംഭരണിയിൽ മണ്ണും ചെളിയുമൊക്കെ മാറ്റി സംഭരണശേഷി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഇപ്പോൾ ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ പൂർണ്ണശേഷി 100 ശതമാനവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉപയോഗിക്കുന്നുണ്ട്. മറ്റ് ഡാമുകളിൽ മണൽ വന്നുനിറഞ്ഞതിന്റെ ഭാഗമായി ജലസംഭരണികളിലുള്ള ജലത്തിന്റെ അളവ് കുറഞ്ഞുവരുന്നു എന്നുള്ളത് കറക്റ്റാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ജലവൈദ്യുത പദ്ധതികളിൽ ഇന്നത്തെ ഉത്പാദനം 100 ശതമാനവുമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയായ ഇടുക്കി പദ്ധതിയുടെ ജനറേറ്ററുകളുടെ കാലാവധിയെ സംബന്ധിച്ചിടത്തോളം ആശങ്കയുണ്ട്. കേന്ദ്ര സർക്കാരിന്റെ 29-3-2004-ലെ ഗസറ്റ് വിജ്ഞാപനം

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് ജലവൈദ്യുത പദ്ധതികളിലെ യന്ത്രോപകരണങ്ങളുടെ ആയുസ്സ് 35 വർഷമെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഇതിന്റെ ആദ്യഘട്ടം കമ്മീഷൻ ചെയ്തത് 1976-ലാണ്. 1985-ലാണ് രണ്ടാംഘട്ടം പ്രവർത്തനമാരംഭിച്ചത്. 1976-ൽ കമ്മീഷൻ ചെയ്തതു വച്ച് നോക്കുമ്പോൾ 2011- ആകുമ്പോഴേക്ക് ഇതിന്റെ കാലാവധി അസ്തമിച്ചിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. ആയതിനാൽ ഈ ജനറേറ്ററുകളുടെ നവീകരണവുമായി ബന്ധപ്പെട്ട ഒരു സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; അതിനാവശ്യമായ സജ്ജീകരണങ്ങൾ കെ.എസ്.ഇ. ബോർഡിന് ഉണ്ടോ ; അതോടൊപ്പം ഇടുക്കി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രക്രിയ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ജനറേറ്ററുകളുടെ നവീകരണവുമായി ബന്ധപ്പെട്ട ഒരു നോംസുണ്ട്. ആ നോംസിന്റെ അടിസ്ഥാനത്തിലാണ് നവീകരണം നടക്കുന്നത്. ഇപ്പോൾ ഇടുക്കിയെ സംബന്ധിച്ച് യാതൊരു രൂപത്തിലുള്ള ആശങ്കയ്ക്കും ഇടയില്ല. ജനറേറ്റർ നവീകരണത്തിന്റെ നടപടികളുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകും. ആർ.ജി.ജി.വി.വൈ. പദ്ധതിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രക്രിയ അവിടെ ആരംഭിച്ചിട്ടുണ്ട്. ആ തുക മാത്രം മതിയാകില്ല. ബാക്കി തുക കൂടി എം.എൽ.എ. /എം.പി. ഫണ്ടും അതുപോലെ കെ.എസ്.ഇ.ബി.-യുടെ ഫണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇടുക്കിയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. എൻ. ജയരാജ് : സർ, കൂടംകുളം വൈദ്യുതിലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ ആശങ്കകൾ ആ പ്രദേശത്തുണ്ടായിരുന്നു. അത് ബഹുമാനപ്പെട്ട മന്ത്രിയുടേയും പ്രതിപക്ഷനേതാവിന്റേയും സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെ യോഗത്തിൽ ഒരു തീരുമാനമെടുക്കുകയും ചെയ്തു. അവിടത്തെ ചില ലൈനുകൾ വലിക്കുന്നതിൽ വീണ്ടും സംഘർഷങ്ങളും പ്രശ്നങ്ങളുമൊക്കെ ഉണ്ടെന്ന് കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. കൂടംകുളം ലൈൻ എന്നത്തേയ്ക്ക് വലിച്ച് പൂർത്തീകരിക്കാൻ കഴിയും ; നിലവിൽ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രതിസന്ധികൾ ആ മേഖലയിലുണ്ടോ ; ഉണ്ടെങ്കിൽ എന്നത്തേക്ക് ഈ ലൈൻ മാടക്കത്തറയിൽ എത്തിക്കാനും വൈദ്യുതി ലഭ്യമാക്കാനും കഴിയുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, കേന്ദ്രഗവൺമെന്റുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ള ഒരു പദ്ധതിയാണ് കൂടംകുളം ആണവ വൈദ്യുത പദ്ധതി. 266 മെഗാവാട്ടാണ് നമുക്ക് കിട്ടേണ്ടത്. പണി ഇങ്ങനെ വല്ലാത്ത രൂപത്തിൽ ഡ്രാഗ് ചെയ്ത് പോയിട്ടുണ്ട്. അതിന്റെ കാരണങ്ങൾ എല്ലാവർക്കുമറിയാവുന്നതാണ്. അവസാനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ 3 പ്രാവശ്യം ചർച്ച ചെയ്ത് ആ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ഈ വർഷം അവസാനമാകുമ്പോൾ അതിന്റെ ആദ്യത്തെ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ളത്. അതിന്റെ പണി നല്ല രൂപത്തിൽ പോകുന്നുണ്ട്. ചില സ്ഥലത്ത് തടസ്സം ഉണ്ടാകും. ഉടക്ക് ഉണ്ടാക്കുന്നതിനുപകരം ഉടക്ക് ഇല്ലാതാക്കാനുള്ള ഒരു ശ്രമം നമ്മളെല്ലാവരുംകൂടി നടത്തിയാൽ ഈ പദ്ധതി പെട്ടെന്ന് പൂർത്തീകരിക്കാൻ സാധിക്കും.

ശ്രീ. കെ. ടി. ജലീൽ : സർ, വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനസർക്കാരും കെ.എസ്.ഇ.ബി.-യും 95 കോടി രൂപ നിക്ഷേപിച്ച് നടപ്പിലാക്കിയ സി.എഫ്.എൽ. വിതരണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വല്ല സാമ്പത്തിക സഹായം കിട്ടിയിട്ടുണ്ടോ ? കിട്ടിയിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് ലഭിച്ചത് ?

ശ്രീ. എ. കെ. ബാലൻ : സർ, ഇത് ഞാൻ എന്റെ ഡിമാന്റ് ചർച്ചയുടെ ഭാഗമായി പറഞ്ഞതാണ്. 45 കോടി രൂപ സംസ്ഥാന ഗവൺമെന്റും 50 കോടി രൂപ കെ.എസ്.ഇ.ബി.-യുമാണ് ഇപ്പോൾ ചെലവഴിച്ചിട്ടുള്ളത്. കാർബൺ ക്രെഡിറ്റ് കിട്ടുന്നതിനുള്ള നടപടി കേന്ദ്ര ഏജൻസിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരള ഗവൺമെന്റ് നടത്തുന്നതായിരിക്കും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, വൈദ്യുതി ഉപഭോഗം കുറയ്ക്കാനും നിയന്ത്രിക്കാനുമുള്ള പല പരിപാടികളും നമ്മൾ ഏറ്റെടുക്കുമ്പോൾ പകൽ സമയത്ത്പോലും സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്ന സ്ഥിതി വ്യാപകമായി നമ്മുടെ നാട്ടിലുണ്ട്. അങ്ങനെ പകൽസമയത്ത് സ്ട്രീറ്റ് ലൈറ്റുകൾ കത്തുകയും, സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ആവശ്യമില്ലാത്ത സമയത്തുപോലും ലൈറ്റുകൾ ഓഫ് ചെയ്യാത്തതിനെ കർശനമായി നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, അനാവശ്യമായിട്ടുള്ള വൈദ്യുതി ഉപഭോഗം കുറച്ചുകൊണ്ടുവരിക എന്നുള്ളത് സമൂഹത്തിന്റെ പൊതു ബോധവൽക്കരണത്തിന്റെ ഭാഗമായി നമ്മൾ എല്ലാവരും വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ചെയ്യേണ്ടതാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലുമെല്ലാം പകൽസമയത്തുപോലും അനാവശ്യമായി ലൈറ്റുകൾ കത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായി നടപടികളെടുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. പ്രത്യേകിച്ച് ഗവൺമെന്റ് ഓഫീസുകൾ, സെക്രട്ടേറിയറ്റിലടക്കം അനാവശ്യമായി ലൈറ്റുകൾ കത്തുന്നുണ്ട്. അത് ഞാൻ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഒരു ദിവസം ഞാൻ തന്നെ സെക്രട്ടേറിയറ്റിൽ പോയി നോക്കുമ്പോൾ വെള്ളിയാഴ്ച കത്തിച്ച ലൈറ്റ് തിങ്കളാഴ്ച രാവിലെ വരെ കത്തി കിടന്ന അനുഭവമുണ്ട്.

ശ്രീമതി ജെ. അരുന്ധതി : സർ, എന്റെ വീട്ടിൽ സി.എഫ്.-ലാമ്പ് ഉപയോഗിച്ചതിന്റെ ഭാഗമായി എനിക്ക് 34 രൂപയുടെ സബ്സിഡി കിട്ടുകയും ചെയ്തു. നേരത്തെ ഉപയോഗിച്ചിരുന്ന വൈദ്യുതിയുടെ അളവിൽ കുറവുണ്ടായതുകൊണ്ടാണ് സബ്സിഡി കിട്ടിയത്. എന്നാൽ ചില സംഘടനാ നേതാക്കന്മാർ ഇത് പറ്റിപ്പാണെന്ന് പറഞ്ഞ് പത്രങ്ങളിൽ കൂടി വലിയ പ്രസ്താവനകൾ ഇറക്കി. അതിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ഇത് തട്ടിപ്പാണെന്ന് ചിലർ ആളുകൾ പറയുന്നുണ്ട്, തട്ടിപ്പല്ല എന്ന് വേറെ ചിലയാളുകളും പറയുന്നുണ്ട്. അതിന്റെ വ്യത്യാസം എന്താണെന്നുള്ളത് എനിക്ക് ഇപ്പോൾ പറയുവാൻ സാധിക്കില്ല. ഇത് ഭരണപ്രതിപക്ഷ ഭേദമന്യേ പൊതുവിൽ നല്ല മനസ്സോടുകൂടി കേരളത്തിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ അവിടവിടെ ഉണ്ടാകും. പക്ഷേ നമ്മുടെ പൊതുസമൂഹം ഇതിനെ നല്ലൊരു രൂപത്തിലാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ് : സർ, വൈദ്യുതി ബോർഡ് നിരക്ക് കൂട്ടാൻ വേണ്ടി കമ്മീഷന് കൊടുക്കുന്ന കണക്കുകളിലെല്ലാം അമിതമായി ബോർഡിന് നഷ്ടമുണ്ടാകുന്നതായി പറയുന്നു, എന്നാൽ ബോർഡിന്റെ കണക്കുകൾ വസ്തുതാപരമല്ല, ബോർഡ് യാഥാർത്ഥ്യം മറച്ചുവയ്ക്കുന്നു എന്ന് കമ്മീഷൻ പറയുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് വൈദ്യുതി ബോർഡിന്റെ കണക്കിലും കമ്മീഷന്റെ വിലയിരുത്തലിലും ഈ വലിയ വൈവിധ്യം ഉണ്ടാകുന്നത് എന്ന് വെളിപ്പെടുത്താമോ ?

ശ്രീ. എ. കെ. ബാലൻ : സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൻ ആണ്ടിലെ വരവ് ചെലവ് കണക്കുകൾ സൂചിപ്പിക്കുന്ന ഒരു ഡോക്യുമെന്റ്, റഗുലേറ്ററി കമ്മീഷൻ മുമ്പാകെ കൊടുക്കും. ഇതിൽ പറയുന്ന വരവിനേക്കാളും കൂടുതൽ വരവ് ഉണ്ടാകും, നിങ്ങൾ പറയുന്ന ചെലവിനേക്കാളും കുറഞ്ഞ ചെലവായിരിക്കുമെന്നുള്ള ഒരു കണക്ക് അവരും തയ്യാറാക്കും. അപ്പോൾ എ.ആർ.ആർ.-നെ സംബന്ധിച്ചും ഇ.ആർ.സി.-യെ സംബന്ധിച്ചും വ്യക്തവും സത്യസന്ധമായിട്ടുള്ള കണക്ക് വരുന്നത് ആ വർഷത്തിന്റെ അവസാനമായിരിക്കും. അത് എ.ജി. അക്കൗണ്ട് ചെയ്തിട്ടുള്ള കണക്കായിരിക്കും. അതുകൊണ്ട് ഒരിക്കലും കെ.എസ്.ഇ.ബി. കൊടുക്കുന്ന കണക്കുകളും അതുപോലെതന്നെ റഗുലേറ്ററി കമ്മീഷൻ കൊടുക്കുന്ന കണക്കുകളും (പ്രതീക്ഷിത വരുമാനവും പ്രതീക്ഷിത ചെലവുമാണ്) അത് ഒരിക്കലും ഒത്തുപോകാറില്ല. അത് വലിയ ലോകാത്ഭുതമായിട്ട് നമ്മൾ കാണേണ്ടതില്ല. ഇലക്ട്രിസിറ്റി ബോർഡും, റഗുലേറ്ററി കമ്മീഷനും ഉള്ളിടത്തോളം കാലം, ഈ വ്യത്യസ്ത ഉണ്ടാകും.

ശ്രീ. എൻ. അനിരുദ്ധൻ : സർ, കൺസ്യൂമേഴ്സിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സബ്സെക്ഷനുകൾ ഡിവൈഡ് ചെയ്യുക പതിവായിരുന്നു. 20000 കൺസ്യൂമേഴ്സിന് മുകളിലുള്ള സബ്സെക്ഷനുകൾ ഡിവൈഡ് ചെയ്ത് പുതിയ സെക്ഷനുകൾ സ്ഥാപിക്കുന്ന ഒരു നിലപാട് വൈദ്യുതി ബോർഡ് സ്വീകരിച്ചിരുന്നു. ഇപ്പോൾ ആ നിലപാടുണ്ടോ ? എത്ര കൺസ്യൂമേഴ്സാണ് മിനിമം ഒരു സബ്സെക്ഷനിൽ ആവശ്യമായിട്ടുള്ളത്? അതിൽ കൂടുതൽ വരുന്ന സബ്സെക്ഷനെ വിഭജിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ : സർ, യഥാർത്ഥത്തിൽ ഇത് വൈദ്യുതി നിയന്ത്രണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചോദ്യമാണ്. എങ്കിൽ പോലും ഇനി അധികം സെക്ഷൻ ഓഫീസിന്റെ പ്രശ്നം വരുന്നില്ല. കാരണം ഉപഭോക്താവിന് സേവനം വീട്ടിൽ നേരിട്ട് എത്തുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ

ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ അന്ന് പറഞ്ഞത്, കമ്പ്യൂട്ടറൈസേഷൻ ഇവിടെ നടപ്പിലാക്കുകയാണ്. ഇനി കുറച്ചു കാലം കഴിഞ്ഞാൽ ബിൽ വീട്ടിൽതന്നെ കിട്ടും, വീട്ടിൽ ഇരുന്നു കൊണ്ടുതന്നെ നമുക്ക് ബിൽ അടയ്ക്കാനും കഴിയും. കൺസ്യൂമർ ഓറിയന്റഡായി ഉപഭോക്താവിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ഏറ്റവും നല്ല പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്. ഈ പറഞ്ഞതുപോലെ 40-ഉം 50-ഉം കിലോമീറ്ററുകൾ നടന്ന് പോകേണ്ട ചില സ്ഥലങ്ങളുണ്ട്. അവിടെയൊക്കെ നമ്മൾ സെക്ഷൻ ഓഫീസുകൾ കൊടുക്കുന്നുണ്ട്. 25000 ഉപഭോക്താക്കളിൽ കൂടുതലുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ സെക്ഷൻ ഓഫീസുകൾ കൊടുക്കാൻ തീരുമാനിച്ചത്. 25 എണ്ണം ഇപ്പോൾ കഴിഞ്ഞ ഡിമാന്റിന്റെ ഭാഗമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെവരുന്ന സ്ഥലത്ത് 25000-ത്തിനപ്പുറവും, ഭൂമിശാസ്ത്രപരമായി ദുർഘടമായിട്ടുള്ള പ്രദേശങ്ങളെ കണക്കിലെടുത്തുകൊണ്ട് സെക്ഷൻ ഓഫീസുകൾ നൽകുന്നതായിരിക്കും.

ശ്രീ. എൻ. ശക്തൻ : സർ, കേരളത്തിൽ കൂടുതൽ ഗ്യാസ് ലഭ്യമാകാൻ പോകുന്ന സാഹചര്യത്തിൽ ഗ്യാസ് ബേസ്ഡ് ആയിട്ടുള്ള വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എത്ര യൂണിറ്റ് കറന്റാണ് അതിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ ആലോചിക്കുന്നത് ?

ശ്രീ. എ. കെ. ബാലൻ : സർ, ഇപ്പോൾ ലിക്വിഫൈഡ് നാച്വറൽ ഗ്യാസിന്റെ സാധ്യത നമുക്കുണ്ട് എന്നുള്ളത് സത്യമാണ്. കേന്ദ്രഗവൺമെന്റ് വളരെ ഗൗരവത്തിലാണ് ഇത് കാണുന്നത്. അതിന്റെ ഭാഗമായി 1200 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ബ്രഹ്മപുരം ഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിച്ച് കഴിഞ്ഞു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വീടുകളിലും അതുപോലെതന്നെ കച്ചവടസ്ഥാപനങ്ങളിലും അനാവശ്യമായ ഇലക്ട്രിസിറ്റി ഉപയോഗം കുറയ്ക്കാൻവേണ്ടി ഇലക്ട്രിസിറ്റി ബോർഡ് ടെലിവിഷനിൽ കാണിക്കുന്ന പരസ്യങ്ങൾ വളരെ ഫലപ്രദമാണ്. ഈ പരസ്യം കാണുന്ന മുറക്ക് ആളുകൾ പോയി അനാവശ്യമായ ലൈറ്റുകൾ ഓഫ് ചെയ്യുന്നു. പക്ഷേ ഈ പരസ്യങ്ങൾ വേനൽക്കാലത്ത് മാത്രമേ കാണിക്കുന്നുള്ളൂ. കൺസ്യൂമേഴ്സിന് ഇതൊരു ശീലമാക്കാൻ വേണ്ടി കുറച്ചുകാലം കൂടുതൽ ഈ പരസ്യം കൊടുക്കാൻ ഇലക്ട്രിസിറ്റി ബോർഡ് നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഇപ്പോൾ പൊതുവിൽ കേരളത്തിലെ കൺസ്യൂമേഴ്സ് ഊർജ്ജ സംരക്ഷണം ഒരു ശീലമാക്കി എടുത്തിട്ടുണ്ട്. അടുത്ത വർഷം വലിയൊരു നേട്ടമാണ് നമ്മൾ ഈ രംഗത്ത് ഉണ്ടാക്കാൻ പോകുന്നത്. ഗ്രീൻ ബഡ്ജറ്റ് എന്ന രൂപത്തിലാണ് നമ്മുടെ ബഡ്ജറ്റ് അറിയപ്പെടുന്നത്. 50 കോടി രൂപ ചെലവ് ചെയ്തുകൊണ്ട് ഊർജ്ജം

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്ന വീടുകൾക്ക് നേതൃത്വം കൊടുക്കുന്ന കുട്ടികൾക്ക് നമ്മൾ ക്രെഡിറ്റ് കാർഡ് കൊടുക്കുകയാണ്. ആ ക്രെഡിറ്റ് കാർഡ് ഉപയോഗപ്പെടുത്തിക്കൊണ്ട് ആ കുട്ടികൾക്ക് പുസ്തകം വാങ്ങാം, അതുപോലെതന്നെ സിവിൽസപ്ലൈസ് കോർപ്പറേഷനിൽ പോയി പലവ്യജ്ഞന സാധനങ്ങളും മറ്റ് ഭക്ഷണ സാധനങ്ങളും വാങ്ങാൻ സാധിക്കും. 50 കോടി രൂപയുടെ ഇൻസെന്റീവ്സാണ് ഇപ്പോൾ കുട്ടികൾക്ക് കൊടുക്കാൻ പോകുന്നത്. സ്വാഭാവികമായും അടുത്തകൊല്ലം ഇന്ത്യാരാജ്യം ശ്രദ്ധിക്കപ്പെടുന്ന രൂപത്തിൽ ഊർജ്ജ സംരക്ഷണ മേഖലയിൽ ഈ കേരളം ഒന്നാം സ്ഥാനത്ത് തന്നെയെത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വൈദ്യുതി ഉപഭോഗം കാര്യക്ഷമമാക്കുന്നതിനും അതൊടൊപ്പംതന്നെ നിയന്ത്രണ വിധേയമാക്കുന്നതിനുമാണ് നമ്മൾ മീറ്റർ വയ്ക്കുന്നത്. ഒ.വൈ.ഇ.സി. അടയ്ക്കുന്ന സമയത്ത് ഒരോ മീറ്ററിനും ഉപഭോക്താവിൽനിന്ന് പണം ഈടാക്കുന്നുണ്ട്. പക്ഷേ അതിനുശേഷം ഒരോ മീറ്ററിനും ഉപഭോക്താവ് പ്രതിമാസ വാടക കൊടുക്കേണ്ടിവരുന്ന സാഹചര്യംകൂടി നിലവിലുണ്ടോ? എത്രകാലത്തേക്കാണ് ഈ മീറ്ററിനുള്ള വാടക ഈടാക്കാൻ ആഗ്രഹിക്കുന്നത് ?

ശ്രീ. എ. കെ. ബാലൻ : സർ, ഇപ്പോൾ എനിക്ക് അത് പറയാൻ പറ്റില്ല.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ ഈ ഗവൺമെന്റ് 350 കോടി രൂപയുടെ കിട്ടാക്കടം തിരിച്ചുപിടിച്ചുവെന്ന് പറഞ്ഞു. അടഞ്ഞു കിടന്ന ഫാക്ടറികളും വ്യവസായ സ്ഥാപനങ്ങളും തോട്ടങ്ങളുമൊക്കെ തുറന്നുപ്രവർത്തിപ്പിക്കുവാൻ ബോർഡ് എത്ര കോടി രൂപയുടെ നഷ്ടം ഇപ്പോൾ സഹിച്ചിട്ടുണ്ട്. അതുപോലെ തന്നെ എം.എൽ.എ.-യും ഗവൺമെന്റും കെ.എസ്.ഇ. ബോർഡും കൂടി ചേർന്ന് നടപ്പിലാക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരമുള്ള വർക്ക് പല സ്ഥലത്തും പൂർത്തിയാക്കുവാനുള്ള മെറ്റീരിയൽസിന്റെ ഷോർട്ടേജ് വന്നിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇതിനൊരു പ്രയോറിറ്റി കൊടുത്ത് മെറ്റീരിയൽസ് സപ്ലൈ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറപ്പിക്കുന്നതിന് വ്യവസായ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ഒരു യോഗം വിളിച്ചുചേർത്തു. ഒരൊറ്റ വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടുന്നതിലേക്ക് എത്തിക്കരുത് എന്നതാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റേയും ഗവൺമെന്റിന്റേയും സമീപനം. അതിന്റെ ഭാഗമായി അടച്ചുപൂട്ടപ്പെട്ട കാലഘട്ടത്തിലെ മിനിമം ഡിമാന്റ് ചാർജ്ജ് വ്യവസായികൾക്ക് പരിപൂർണ്ണമായും വേവ് ചെയ്തുകൊടുത്തു. അടച്ചുപൂട്ടപ്പെട്ട 21 തോട്ട വ്യവസായങ്ങളിൽ 17 എണ്ണവും തുറപ്പിച്ചു. ഒരു തോട്ടം തുറപ്പിക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ഇടപെട്ടിരുന്നു. വൈദ്യുതി ബോർഡ് ഒരു കാലഘട്ടത്തിലും ഇത്രത്തോളം ഉപകാരം ഇതര മേഖലക്ക് ചെയ്തിട്ടില്ല. കേരളത്തിലെ അടച്ചുപൂട്ടപ്പെടുന്ന വ്യവസായ സ്ഥാപനങ്ങളും,

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് നിലനിന്ന് പോകുന്നത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കാട്ടിയിട്ടുള്ള ഔദാര്യം കൊണ്ട് മാത്രമാണ്. മെറ്റീരിയൽസിന്റെ പ്രശ്നമെന്ന് പറയുന്നത് പോസ്റ്റിന്റെ പ്രശ്നമാണ്. ഈ ആഗസ്റ്റ് മാസത്തോടുകൂടി പോസ്റ്റിന്റെ പ്രശ്നം പരിഹരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ കൺവെൻഷണൽ സിസ്റ്റം ഓഫ് എനർജിയുടെ രീതികളെക്കുറിച്ചാണ് അങ്ങ് സംസാരിക്കുന്നത്. അവിടെയാണ് വൈദ്യുതി ഉൽപ്പാദനത്തെ കുറിച്ച് അങ്ങ് പറയുന്നത്. നോൺ കൺവെൻഷണൽ എനർജിയാണ് സത്യത്തിൽ പരിസ്ഥിതി സൗഹൃദവും അതോടൊപ്പംതന്നെ ചെലവുകുറച്ച് പ്രൊഡക്ഷൻ നടത്തുവാനും കഴിയുന്നത്. ലോകത്തിലേറ്റവും ചുരുങ്ങിയ ചെലവിൽ നമുക്ക് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നുള്ളതാണ് വൈൻഡൽ പ്രോജക്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം റെയിൻ ഹാർവെസ്റ്റ് വളരെ സുപ്രധാനമായ ഒരു മേഖലയാണ്. പക്ഷേ, ദൗർഭാഗ്യവശാൽ ഈ നാടുകൊല്ലക്കാലമായി കേരളത്തിൽ നോൺ കൺവെൻഷണൽ എനർജിയുടെ രംഗത്ത് ഒരു നേട്ടവുമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതായി ആളുകൾ വിലയിരുത്തുന്നില്ല. ഈ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രശ്നം ഒഴിവാക്കുന്നതിനുവേണ്ടിയും നേരത്തെ പറഞ്ഞതുപോലെ ചെലവ് കുറഞ്ഞ രൂപത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുംവേണ്ടിയും നോൺ കൺവെൻഷണൽ മേഖലയിലേക്ക് ഈ ഗവൺമെന്റ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ശ്രീ. എ. കെ. ബാലൻ: സർ, പാരമ്പര്യേതര ഊർജ്ജ മേഖലക്ക് ഈ ഗവൺമെന്റ് കാട്ടിയിട്ടുള്ള പ്രാധാന്യം ഇന്നേവരെ ഒരു ഗവൺമെന്റും കാട്ടിയിട്ടില്ല. കേരളത്തിൽ ആദ്യമായി ഇടുക്കിയിലെ രാമക്കൽമേട്ടിലും അട്ടപ്പാടിയിലും കാറ്റിൽനിന്ന് 33 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കി. ഇനിയിപ്പോൾ സൗരോർജ്ജം ഉപയോഗപ്പെടുത്തി 20 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രോജക്റ്റ് കഴിഞ്ഞ ആഴ്ച കേന്ദ്ര ഗവൺമെന്റിന് കൊടുക്കുകയും അത് കേന്ദ്രം അനുവദിക്കുകയും ചെയ്തു. മറ്റൊന്ന്, കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രശ്നമെന്താണെന്നുവച്ചാൽ നമ്മുടെ കയ്യിൽ ഭൂമിയില്ല എന്നുള്ളതാണ്. കമ്പനിക്കാരെ സംബന്ധിച്ചിടത്തോളം ഭൂമി വിലയ്ക്ക് വാങ്ങുകയെന്ന് പറയുന്നത് അഫോർഡബിളല്ല. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഭൂമി ലീസിന് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ജൈവ വൈവിധ്യങ്ങളും ബയോമാസും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള 50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതിക്ക് ഇപ്പോൾ ഗവൺമെന്റ് രൂപം കൊടുത്തു. ഇതിനുവേണ്ടി അനെർട്ടിന്റെ നേതൃത്വത്തിൽ സെപ്പറേറ്റായി ഇപ്പോൾ ഒരു കമ്പനി ഉണ്ടാക്കുവാൻ പോവുകയാണ്. പാരമ്പര്യേതര ഊർജ്ജ മേഖലക്ക് ഏറ്റവും നല്ല സഹായമാണ് കേന്ദ്ര മന്ത്രി ഡോ. ഫറൂഖ് അബ്ദുള്ള ഇപ്പോൾ നൽകിയിരിക്കുന്നത്. അദ്ദേഹം ഇവിടെ വന്ന്, അപ്രീഷിയേറ്റ് ചെയ്യുകയും ചെയ്തതാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും കുറേക്കൂടി മുന്നോട്ടു പോകാനും സാധ്യതകളെ ഇനിയും ഉപയോഗപ്പെടുത്താനുമുണ്ടെന്നും അദ്ദേഹം പറഞ്ഞത് പൂർണ്ണമായും കറക്ടാണ്. നമ്മുടെ ഇത്തരം സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തിയാൽ 500 മെഗാവാട്ട് വൈദ്യുതി പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്ന് ഉണ്ടാക്കുവാൻ സാധിക്കും.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u>: സർ, വൈദ്യുതി ഉൽപ്പാദന രംഗത്ത് ചെലവ് കുറഞ്ഞ മാർഗ്ഗമെന്ന നിലയിലാണ് ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച് ആലോചിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് അതിരപ്പിള്ളി, പൂയംകുട്ടി പദ്ധതികൾ യാഥാർത്ഥ്യമാക്കാനാവശ്യമായിട്ടുള്ള നല്ല പരിശ്രമം ഡിപ്പാർട്ടുമെന്റും മന്ത്രിയും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. ഈ പദ്ധതികൾ പശ്ചിമഘട്ട ബയോഡൈവേഴ്സിറ്റി പഠന സമിതിക്ക് പഠനത്തിനു വേണ്ടി കൈമാറിയതായി പത്രത്തിൽ ഒരു വാർത്ത കണ്ടു. ഇത് ശരിയാണോ ? ഇങ്ങനെ കൈമാറിയിട്ടുണ്ടെങ്കിൽ എന്താണ് അതിനോടുള്ള നമ്മുടെ നിലപാട് എന്ന് വ്യക്തമാക്കാമോ ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ജയറാം രമേശിനെ മിനഞ്ഞാന്ന് കണ്ടിരുന്നു. ഈ രണ്ടു പദ്ധതികളും, പൂയംകുട്ടി പദ്ധതിയും അതിരപ്പിള്ളി പദ്ധതിയും ഗാഡ്ഗിൽ കമ്മിറ്റിക്ക് റഫർ ചെയ്യാൻ പോവുകയാണ്. യഥാർത്ഥത്തിൽ ഗാഡ്ഗിൽ കമ്മിറ്റിക്ക് റഫർ ചെയ്യേണ്ട ഒരു പ്രശ്നമല്ലിത്. Already മുന്ന് പ്രാവശ്യം പരിസ്ഥിതി ക്ലിയറൻസ് കിട്ടിയ ഒരു പദ്ധതിയാണ് റ്റി.ബി.ജി.ആർ.ഐ.-യും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പൊതുവിൽ അംഗീകരിച്ച ഈയൊരു പദ്ധതിയെ വീണ്ടും ഉടക്കുണ്ടാക്കുന്നതിന് മാത്രമേ ഇത് സഹായിക്കുകയുള്ളൂ. മാത്രമല്ല, ഈ പദ്ധതികൾക്കെല്ലാം ഉടക്ക് വയ്ക്കുന്ന ഒരു മെമ്പറാണ് ഗാഡ്ഗിൽ കമ്മിറ്റിയിലുള്ളത്. എന്തിനാണ് ഇത് ഗാഡ്ഗിൽ കമ്മിറ്റിക്ക് വിടുന്നതെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചു. മി. വിജയൻ ഇപ്പോൾ ബയോഡൈവേഴ്സിറ്റിയുടെ ചെയർമാനല്ല. അദ്ദേഹത്തിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. ചെയർമാൻ സ്ഥാനം കഴിഞ്ഞ മി. വിജയനെയാണ് ഈ കമ്മിറ്റിയിൽ മെമ്പറായി ചേർത്തിരിക്കുന്നത്. അതിരപ്പിള്ളി പദ്ധതിക്ക് എതിരായിട്ടുള്ള രണ്ട് മെമ്പർമാരെയാണ് ആ കമ്മിറ്റിയിൽ ചേർത്തിട്ടുള്ളത്. അപ്പോൾ ഒരിക്കലും സ്വതന്ത്രമായിട്ടുള്ള ഒരു തീരുമാനം അതിനകത്ത് വരുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ എന്റെ ആശങ്ക ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ബോധ്യപ്പെടുത്താവുന്ന രൂപത്തിൽ പറഞ്ഞതാണ്.

<u>ശ്രീ. എം. മുരളി</u>: സർ, ഇടുക്കി ഉൾപ്പെടെയുള്ള ജലവൈദ്യുത പദ്ധതികളിൽ എത്ര ടർബെയിനുകളാണ് ഇപ്പോൾ ഓവർ റോൾ ചെയ്യാതെ കേടായി കിടക്കുന്നത്. അത് നന്നാക്കാൻ എന്ത് നടപടി സ്വീകരിക്കും ? ജല വൈദ്യുത പദ്ധതിയുടെ ശരാശരി ഉൽപ്പാദനച്ചെലവ് എന്താണ്? താപ വൈദ്യുതി എന്ത് വിലയ്ക്കാണ് നമ്മൾ വാങ്ങുന്നത്? സ്വകാര്യ വ്യക്തികളിൽ നിന്നും എന്ത് വിലയ്ക്കാണ് ഇപ്പോൾ വൈദ്യുതി വാങ്ങുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ഇടുക്കിയിൽ ആറ് മെഷീനുകളാണുള്ളത്. ആറ് മെഷീനുകളും ഇപ്പോൾ പ്രവർത്തനക്ഷമമാണ്. സാധാരണ നിലയിൽ മഴക്കാലത്താണ് റിപ്പയർ നടത്തുന്നത്. കാരണം മഴക്കാലത്ത് ആ വെള്ളം അധികമായി ഉപയോഗിക്കാറില്ല. വേനൽക്കാലത്തേയ്ക്കുവേണ്ടി അവിടെ വെള്ളം സംഭരിച്ചുവയ്ക്കുകയാണ്. അപ്പോൾ യഥാർത്ഥത്തിൽ ഇടുക്കി പദ്ധതിയുടെ റെസ്റ്റ് കാലമാണ് ഈ മൺസൂൺ കാലഘട്ടമെന്ന് പറയുന്നത്. അതുകൊണ്ട് ഇപ്പോൾ എവിടെയെങ്കിലും മെഷീൻ വർക്ക് ചെയ്യാതിരിക്കുന്നുണ്ടെങ്കിൽ അത് പ്രവർത്തനക്ഷമമല്ല എന്ന് തെറ്റിദ്ധരിക്കരുത്. എല്ലാ മെഷിനും ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഹൈഡൽ പദ്ധതികൾക്ക് 33 പൈസ മാത്രമേ ചെലവ് വരികയുള്ളൂ. മാത്രമല്ല, പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിക്ക് നാല് രൂപ മുതൽ 12 രൂപവരെ കൊടുക്കാറുണ്ട്.

ശ്രീ. രാജാജി മാത്യൂ തോമസ് : സർ, വളരെ ഗുരുതരമായിട്ടുള്ള ഊർജ്ജ പ്രതിസന്ധി സമയത്തും ലോഡ് ഷെഡിംഗ് പോലെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് വളരെ പ്രശംസനീയമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ, പല പ്രധാനപ്പെട്ട കുടിവെള്ള പദ്ധതിപ്രദേശങ്ങളിലേക്കും വൈദ്യുതി നൽകുന്നത് ഓവർഹെഡ് കേബിൾ വലിച്ചാണ്. വനം മേഖലകളിലും മലയോര മേഖലകളിലും നിരന്തരമായി വൃക്ഷങ്ങൾ വീണ് ഓവർഹെഡ് കേബിളുകൾ തകരുന്നതുകാരണം നിർബാധം വൈദ്യുതി ലഭിക്കുന്നില്ല. അത്തരം സ്ഥലങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഓവർഹെഡ് കേബിളുകൾക്കുവരുന്ന മെയിന്റനൻസ്, പൊട്ടൽ ഇതൊക്കെ വൈദ്യുതിയുടെ അനർഗ്ഗളമായ പ്രവാഹത്തിന് ഒരു പ്രശ്നം തന്നെയാണ്. അതിനുള്ള പ്രതിവിധി എന്നുള്ള നിലയിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നത് ഗവൺമെന്റിന് താങ്ങാൻ പറ്റാത്ത വിധത്തിലുള്ള ചെലവാണ്. അതുകൊണ്ടാണ് ആ വഴിയിലേക്ക് നീങ്ങാതിരിക്കുന്നത്. എന്നാൽ ചില പ്രധാനപ്പെട്ട ഭാഗങ്ങളിലൊക്കെ ഇപ്പോൾ അണ്ടർഗ്രൗണ്ട് കേബിൾ ആക്കുന്നുണ്ട്. ഉദാഹരണത്തിന് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ സിറ്റി ഓട്ടോമേഷന്റെ ഭാഗമായി കേബിൾ സിസ്റ്റമാണ് ഇപ്പോൾ introduce ചെയ്യുന്നത്.

ശ്രീ. അടൂർ പ്രകാശ് : സർ, വൈദ്യുതി നിയന്ത്രണമില്ലാതാക്കണമെങ്കിൽ കൂടുതൽ വൈദ്യുതി ഉൽപ്പാദനം ആവശ്യമാണ്. ജല വൈദ്യുതി നിലയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഹൈഡൽ പദ്ധതിയിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിച്ചാൽ യൂണിറ്റിന് 33 പൈസ മാത്രമേ ചെലവാകുന്നുള്ളൂ. എന്റെ ചോദ്യം, എന്റെ നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മേഖലയിൽ ഒരു ടിൻ കല്ലാർ പദ്ധതിക്ക് ആരംഭം കുറിക്കുന്നതിനുവേണ്ടിയുള്ള സർവ്വേ തുടങ്ങിയിട്ട് ഏതാണ്ട് 25 വർഷക്കാലത്തോളമാകുകയാണ്. ഇപ്പോഴും അതിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ആ പദ്ധതി നടപ്പാക്കുവാനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അത് സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ടിൻ കല്ലാർ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. ആ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോകുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങ് നേരത്തെ ഇവിടെ സൂചിപ്പിച്ചതു പോലെ സിറ്റി ഓട്ടോമേഷന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ വൈദ്യുതി ലൈനുകൾ ഭൂമിക്കടിയിലൂടെയാക്കുന്ന പദ്ധതിക്ക് ആരംഭം കുറിച്ചതായി അറിയാൻ കഴിഞ്ഞു. ഇതിനുവേണ്ടി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്? ഈ സിറ്റി ഓട്ടോമേഷൻ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. കെ. ബാലൻ : സർ, സിറ്റി ഓട്ടോമേഷൻ പദ്ധതി ഇപ്പോൾ കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ചു കഴിഞ്ഞു. തിരുവനന്തപുരത്ത് ഏതാണ്ട് 90 ശതമാനത്തിൽ എത്തിക്കഴിഞ്ഞു. ഇനി 10 ശതമാനം മാത്രമേ ബാക്കിയുള്ളൂ. എറണാകുളം സിറ്റിയാണ് ഏറ്റവും മോശമായ പെർഫോർമൻസ് നടത്തിയിട്ടുള്ളത്. ഏതാണ്ട് 80 കോടിക്കും 100 കോടിക്കും മധ്യേയാണ് ഇതിന്റെ ചെലവ് വരുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, വൈദ്യുതി ഉപഭോഗം കുറക്കുന്നതിനുവേണ്ടി വ്യാപകമായ തോതിൽ സി.എഫ്. ലാമ്പ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ ഒരു പത്രത്തിൽ, ഈ സി. എഫ്. ലാമ്പുകൾ ഫ്യൂസായിക്കഴിഞ്ഞാൽ ഇത് ഡിസ്പോസ് ചെയ്യുന്നത് വലിയ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കും, അതിലെ മെർക്കുറി ഭൂമിയിൽ വളരെക്കാലം കിടക്കും, വെള്ളത്തെ മലിനമാക്കും, വൃക്ഷങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ട് ഈ സി. എഫ്. ലാമ്പുകൾ സംസ്ക്കരിക്കുന്നതിനോ ഡിസ്പോസ് ചെയ്യുന്നതിനോ ഒരു പദ്ധതി തയ്യാറാക്കാൻ അടിയന്തരമായി അങ്ങ് ശ്രദ്ധിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഒരു രൂപത്തിലും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകത്തക്ക രൂപത്തിൽ ഇത് ഡിസ്പോസ് ചെയ്യാൻ പാടില്ല. അത് കേന്ദ്രീകൃതമായ രൂപത്തിൽത്തന്നെ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജു : സർ, കൂടംകുളം ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് പട്ടയവസ്തു അല്ലെങ്കിൽ പതിവ് വസ്തുവിൽ നിൽക്കുന്ന മരങ്ങളെല്ലാം മുറിച്ചാൽ നഷ്ടപരിഹാരം കൊടുക്കുന്നകാര്യം ഉറപ്പായിട്ടുണ്ട്. പട്ടയവും പ്രമാണവുമില്ലാത്ത കൈവശഭൂമിയിൽ കൃഷി ചെയ്തിട്ടുള്ള മരങ്ങളും മറ്റും മുറിക്കുമ്പോൾ അവർക്ക് ന്യായമായിട്ടുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. വർക്കല കഹാർ : സർ, വൈദ്യുതി നിയന്ത്രണവും പവർകട്ടും ഇല്ലെന്നാണ് മന്ത്രി പറഞ്ഞത്. പക്ഷേ ഗ്രാമപ്രദേശങ്ങളിലെ സ്ഥിതി അതല്ല. അപ്രഖ്യാപിത പവർകട്ടാണ്. എന്റെ വാർഡിൽ കെടാകുളം സബ്ഡിവിഷന്റെ

കീഴിൽ ഒന്നര മാസമായി ലൈറ്റില്ല. വല്ലപ്പോഴും ഒന്ന് മിന്നും. കത്തിയാൽ അടുത്ത നിമിഷം എല്ലാ ട്യൂബും പോകും അതുപോലെ തന്നെ എല്ലാ വീടുകളിലെ ഫ്യൂസും പോകും. ഫ്യൂസ് പോകുന്നത് നന്നാക്കുന്നതിനോ പകൽ റോഡിൽ ലൈറ്റ് കത്തിക്കിടക്കുന്നത് അണക്കാനോ ഉദ്യോഗസ്ഥന്മാരില്ല. ഇവിടത്തെ പണികളെല്ലാം ഇപ്പോൾ ഒരു വെളിച്ചപ്പാടിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ തൊട്ടുമുകളിൽ പറഞ്ഞ കാര്യത്തെക്കുറിച്ചും അപ്രഖ്യാപിത പവർകട്ടിനെക്കുറിച്ചും അന്വേഷിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, അപ്രഖ്യാപിത പവർകട്ട് ഇല്ല. എവിടെ എങ്കിലും ഡിസ്റപ്ഷനുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈലാണ് എന്റെ കൈവശമുള്ളത്. ഏത് എം. എൽ. എ. ക്കും ഏത് സമയത്തും വിളിക്കാം.. അത് ഓഫാക്കി വയ്ക്കുന്ന പരിപാടിയില്ല. ഏതെങ്കിലുമൊരു സ്ഥലത്ത് പ്രശ്നമുണ്ടെന്ന് ഇപ്പോൾ നിങ്ങൾ പറഞ്ഞാൽ വൈകുന്നേരമാകുമ്പോഴേക്കും പ്രശ്നം പരിഹരിച്ചുതരാം. അല്ലാതെ ഈ കാട് അടക്കി വെടിവയ്ക്കുന്നതിൽ അർത്ഥമില്ല

ഗ്രൂപ്പ് ഫാമിംഗിന് പ്രോത്സാഹനം

2 (*422) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. ഹംസ :
ശ്രീ. ബാബു എം. പാലിശ്ശേരി ?
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പാടശേഖര സമിതികളുടെ സഹായത്തോടെ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് കൃഷിവകുപ്പ് പ്രോത്സാഹനം നൽകുമോ ; ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത് ;

(ഡി) ഉൽപ്പാദന മികവ് കാട്ടുന്ന പാടശേഖരങ്ങളിലെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ,

(എ) നെൽകൃഷിക്ക് സുപ്രധാന സ്ഥാനമാണ് കാർഷിക പരിപാടികളിൽ നല്കിയിട്ടുള്ളത്. ഇതിനായി വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു.

വിവിധ പദ്ധതികളിലായി 158 കോടി രൂപയാണ് ഈ വർഷം നെൽകൃഷിക്ക് മാറ്റിവച്ചിട്ടുള്ളത്. ഇതുവരെയുള്ളതിൽ വച്ച് വർദ്ധിച്ച ഒരു തുകയാണിത്. നമ്മൾ ഏറ്റെടുത്തതിൽ വച്ച് ഏറ്റവും വലിയൊരു ജനകീയ പദ്ധതിയാണ് നെൽകൃഷി മേഖലയിൽ ഈ വർഷം നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly